# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1607** — **14-12-2012 ൽ മറുപടിയ്ക്ക്**

## രാഷ്ട്രീയ കൃഷി വികാസ് യോജന

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.എളമരം കരീം<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഈ വർഷം എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം ഈ വർഷം ചെലവഴിക്കുന്നതിന് കേന്ദ്ര സർക്കാർ 282.26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് 156.10 കോടി രൂപ കേന്ദ്ര സർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ കാർഷിക പദ്ധതികളിൽ പരിപാടികൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) പ്രാദേശിക വികസന സാദ്ധ്യതയും നിലവിലുള്ള അവസ്ഥയും തമ്മിലുള്ള വിടവ് നികത്താൻ ഉതകുന്ന പരിപാടികളുടെ രൂപീകരണമാണ് പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മാനദണ്ഡം. ആർ.കെ.വി.വൈ യിൽ വിഭാവനം ചെയ്തിട്ടുള്ള 4% വാർഷിക വളർച്ചാ നിരക്ക് കൈവരിക്കാൻ സഹായിക്കുന്ന പദ്ധതികൾക്കാണ് ഊന്നൽ നൽകേണ്ടത്. |
| (സി) 2012-13 വർഷത്തിൽ ഈ പദ്ധതി പ്രകാരം പരിപാടികൾ നടപ്പാക്കുന്നതിന് എന്തു തുക അനുവദിച്ചു; | (സി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 156.10 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അനുവദിക്കപ്പെട്ട പരിപാടികളുടെ വിവരങ്ങൾ വിശദമാക്കുമോ; | (ഡി) | 2012-13 വർഷത്തിൽ നടപ്പിലാക്കുവാൻ പുതിയ പദ്ധതികൾക്ക് 105.55 കോടി രൂപയും മുൻവർഷങ്ങളിൽ നടപ്പിലാക്കി വരുന്ന തുടർ പദ്ധതികൾക്ക് 149.47 കോടി രൂപയും 19-05-2012 ൽ കൂടിയ എസ്.എൽ.എസ്.സി യിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 21-06-2012 ലെ സ.ഉ (എം.എസ്) നം. 153/2012/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1 ലും 2 ലും കാണാവുന്നതാണ്. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ഫണ്ട് സർക്കാരിതര സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; ഇവ ജില്ലാ കാർഷിക പദ്ധതികളിൽ ഉൾപ്പെട്ടവയാണോ; വിശദമാക്കുമോ? | (ഇ) | ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിതര സംഘടനകളെ നേരിട്ട് ചുമതലപ്പെടുത്തിയിട്ടില്ല. ജനശ്രീമിഷനും നെയ്യാറ്റിൻകരയിലെ കോക്കനട്ട് പ്രോസസ്സിംഗ് കോംപ്ലക്സും സമർപ്പിച്ച പദ്ധതികൾ അംഗീകരിക്കുകയും അവയുടെ നടത്തിപ്പിനായി കൃഷി വകുപ്പിനേയും മൃഗസംരക്ഷണ വകുപ്പിനേയും ചുമതലപ്പെടുത്തുകയും ചെയ്തു. ഓരോ പ്രോജക്ടുകളുടെയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ